പത്രമാധ്യമങ്ങൾ വഴിയും ഇലക്ട്രോണിക് മാധ്യമങ്ങൾ വഴിയും വ്യാപക പ്രചരണം നൽകുകയും ചെയ്തിരുന്നു. നിർദ്ദേശിക്കപ്പെട്ട സ്ഥലങ്ങളിൽ സാങ്കേതിക സർവ്വേ നടത്തുകയും അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുകയും മത്സ്യസങ്കേതം സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സമിതിയുടെ അംഗീകാരം വാങ്ങുകയും ചെയ്തിട്ടുണ്ട്. സാങ്ച്വറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ കേരള തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കിവരുന്നു. നിർമ്മാണ പ്രവർത്തനങ്ങളും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന ജോലികളും പുരോഗിക്കുന്നു. പദ്ധതിയുടെ പുരോഗതി യഥാസമയം വിലയിരുത്തി സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

**മാതൃകാ മത്സ്യഗ്രാമം പദ്ധതി**

**136 (2955)** ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. പി. എ. മാധവൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാതൃകാ മത്സ്യഗ്രാമം പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിച്ചിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം ആനുകൂല്യങ്ങളാണ് പദ്ധതി മുഖേന നൽകാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) എത്ര കോടി രൂപയാണ് ഇതുവഴി നൽകുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) രണ്ടാംഘട്ടം ആരംഭിച്ചിട്ടുണ്ട്. 13-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരമാണ് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട മത്സ്യഗ്രാമങ്ങളെ സമഗ്ര വികസനത്തിലൂടെ മാതൃകാ മത്സ്യ ഗ്രാമങ്ങളായി വികസിപ്പിക്കുന്നത്. 160 കോടി രൂപയുടെ രണ്ടാംഘട്ട പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ഭവന നിർമ്മാണ ഘടകത്തിന് കൂടുതൽ പ്രാമുഖ്യം നൽകിക്കൊണ്ട് ആകെ 135 കോടി രൂപ വീടുകളുടെ നിർമ്മാണത്തിനും 25 കോടി രൂപ ഫിഷർമെൻ കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുമായി ചെലവഴിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് ഉപയോഗിച്ച് 200 കോടി രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾക്കാണ് ഭരണാനുമതി നൽകിയിരുന്നത്. മാതൃകാ മത്സ്യ ഗ്രാമം പദ്ധതിക്കായി 160 കോടി രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ഭവന നിർമ്മാണ ഘടകത്തിന് കൂടുതൽ പ്രാമുഖ്യം നൽകിക്കൊണ്ട് ആകെ 135 കോടി രൂപ വീടുകളുടെ നിർമ്മാണത്തിനും 25 കോടി രൂപ തെരഞ്ഞെടുക്കപ്പെട്ട 57 മത്സ്യ ഗ്രാമങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കുമായി ചെലവഴിക്കുന്നു. ആയത് പ്രകാരം കുടിവെള്ളം, സാനിട്ടേഷൻ, വൈദ്യുതീകരണം, മത്സ്യ ഗ്രാമ മേഖല അടിസ്ഥാന വികസനം, സാമൂഹ്യ അടിസ്ഥാന സൗകര്യ വികസനം എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

(സി) 2011-15 വർഷങ്ങളിലായി 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി ജില്ലാ ഫിഷറീസ് ഓഫീസുകൾക്കും കേരള തീരദേശ വികസന കോർപ്പറേഷനുമായി 161 കോടി രൂപ നൽകിയിട്ടുണ്ട്. ഇതിൽ 135 കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. 4973 വീടുകളുടെ നിർമ്മാണത്തിന് 110 കോടി രൂപയും ഫിഷർമെൻ കോളനി നവീകരണത്തിന് 25 കോടി രൂപയും 5450 എണ്ണം വ്യക്തിഗത സാനിട്ടേഷൻ നിർമ്മിക്കുന്നതിന് 20,000 രൂപ നിരക്കിൽ 10.90 കോടി രൂപയും കുടിവെള്ളം, സാമൂഹ്യ അടിസ്ഥാന സൗകര്യ വികസനം, ആരോഗ്യം തുടങ്ങിയ മേഖലകളുടെ നവീകരണത്തിന് 14.10 കോടി രൂപയുമാണ് ചെലവഴിച്ചുവരുന്നത്. പദ്ധതി പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് വ്യാപകമായ പ്രചാരണം നടത്തി അപേക്ഷകൾ സ്വീകരിക്കുകയും കറ്റമറ്റ രീതിയിൽ അർഹരായവരെ കണ്ടെത്തുകയും ബന്ധപ്പെട്ട ജില്ലാ കളക്ടർ ചെയർമാനും ജനപ്രതിനിധികൾ അംഗങ്ങളുമായ ജില്ലാ ബെനിഫിഷ്യറി സെലക്ഷൻ കമ്മിറ്റികൾ നറുക്കെടുപ്പിലൂടെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ധനസഹായം അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ സമയബന്ധിതമായ നടത്തിപ്പിന് സംസ്ഥാന സർക്കാർ തലത്തിലും ഫിഷറീസ് വകുപ്പ് തലത്തിലും പദ്ധതി അവലോകനം നടത്തിയിരുന്നു. പദ്ധതി നടത്തിപ്പിന് ആവശ്യമായ ഇക ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് സമയബന്ധിതമായി അനുവദിച്ചിട്ടുണ്ട്.